Lalith Babu

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങിലെ ജനപ്രതിനിധികളുടെ പ്രോട്ടോകോൾ സംബന്ധിച്ച സർക്കുലർ

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

നം. ഇ.എം.1/ 150/2014-തസ്വഭവ തിരുവനന്തപുരം, തീയതി : 18 .12 .2014

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ –– നിലവിലെ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പ്രത്യേകമായി ഒരു പ്രോട്ടോക്കോൾ സംവിധാനം നിലവിലില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, കോർപ്പറേഷൻ മേയറും ഒഴികെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോളിൽ അംഗങ്ങളല്ല. എന്നാൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കേണ്ടുന്നത് എല്ലാ തസ്വഭസ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെയും, അംഗങ്ങളുടെയും കർത്തവ്യമാണ്. എന്നിരിക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പല പരിപാടികളിലും പ്രോട്ടോക്കോൾ ലംഘനങ്ങൾ നടക്കുന്നതായി എം.എൽ.എമാർ നിയമസഭയ്ക്ക് മുൻപാകെ നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിയമസഭാസാമാജികർക്ക് ഇത്തരത്തിൽ പരാതികൾ ഉന്നയിക്കപ്പെടേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിൽ തസ്വഭ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ കാരണക്കാരാകുന്നത് ഭൂഷണമല്ല. നിലവിൽ തസ്വഭ ജനപ്രതിനിധികൾക്ക് പ്രോട്ടോക്കോൾ സംവിധാനം ഇല്ലാത്ത സംഗതിയിൽ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുവാൻ അതത് തസ്വഭ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്. ആയതിനാൽ നിയമസഭാസാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിലും , അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിലും അതീവശ്രദ്ധപുലർത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

പി. റംലത്ത്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി